**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തെരഞ്ഞെടുപ്പ് വിഭാഗം - കഠിനംകുളം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ . അബ്ദുൾ വാഹിദിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്**

**G.O.(Rt)No.2932/2018/LSGD** തീയതി,തിരുവനന്തപുരം, 16/11/2018

---

പരാമർശം:- 1 13/03/2018-ൽ ശ്രീ. അബ്ദുൾ വാഹിദ് കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 15/08/2018-ലെ ജെ3-45084/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ലോർഡ്സ് ആശുപത്രിയിൽ ചികിൽസക്കായി ചെലവായ 27483/- രൂപ മടക്കി നൽകണമെന്നാവശ്യപ്പെട്ട് കഠിനംകുളം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ അബ്ദുൾ വാഹിദ് കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ചികിൽസാ ചെലവ് മടക്കി നൽകണമെന്നാവശ്യപ്പെട്ട് കഠിനംകുളം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ.അബ്ദുൾ വാഹിദ് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ തുടർനടപടിക്കായി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഠിനംകുളം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ . അബ്ദുൾ വാഹിദിന് തിരുവനന്തപുരം ലോഡ്സ് ആശുപത്രിയിൽ ചികിൽസ നടത്തിയതിന് ചെലവായ 27483/- രൂപ (ഇരുപത്തിയേഴായിരത്തി നാനൂറ്റി എൺപത്തിമൂന്ന് രൂപ)പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K J BEENAMOL**
**DEPUTY SECRETARY**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കഠിനംകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.

ശ്രീ.അബ്ദുൾ വാഹിദ്, വാർഡ് മെമ്പർ, കഠിനംകുളം ഗ്രാമപഞ്ചായത്ത് .

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)

ഡയറക്ടർ ഇൻർഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ്.

കരുതൽ കോപ്പി / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ